REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 29-07-2024 സമയം 12.30 PM

## പ്രധാന വാർത്തകൾ

- രാജ്യത്തെ തൊഴിലില്ലായ്മ നിരക്ക് 3.2 ശതമാനമായി കുറഞ്ഞതായി കേന്ദ്രമന്ത്രി ഡോ. മൻസുഖ് മാണ്ഡവ്യ.
- ഷിരൂരിൽ നാവിക സേനയുടെ തിരച്ചിൽ പുഴയിലെ കനത്ത ഒഴുക്കിനെ തുടർന്ന് തത്ക്കാലം നിർത്തിവെച്ചു.
- സംസ്ഥാനത്ത് അതിശക്തമായ മഴ തുടരുന്നു. തിരുവനന്തപുരം, പാലക്കാട് ഒഴികെ ജില്ലകളിൽ മഞ്ഞ ജാഗ്രത.
- സംസ്ഥാനത്തെ 49 തദ്ദേശവാർഡുകളിൽ നാളെ ഉപതിരഞ്ഞെടുപ്പ്.
- പാരീസ് ഒളിംപിക്സിൽ ഇന്നത്തെ ബാഡ്മിന്റൺ പുരുഷ ഡബ്ബിൾസ് രണ്ടാം റൗണ്ട് ഗ്രൂപ്പ് സി മത്സരം റദ്ദാക്കി.മെഡൽ പ്രതീക്ഷയുമായി ഷൂട്ടിംഗ് താരങ്ങൾ.

## വാർത്തകൾ വിശദമായി

രാജ്യത്ത് തൊഴിലവസരങ്ങൾക്ക് ക്ഷാമമില്ലെന്നും ഗവണ്മെന്റിന്റെ നയപരമായ ഇടപെടലുകൾ മൂലം രാജ്യത്ത് തൊഴിലില്ലായ്മ നിരക്ക് 3.2 ശതമാനമായി കുറഞ്ഞിട്ടുണ്ടെന്നും കേന്ദ്രമന്ത്രി ഡോ. മൻസുഖ് മാണ്ഡവ്യ പറഞ്ഞു. ലോക്സഭയിലെ ചോദ്യോത്തര വേളയിൽ മറുപടി നൽകുകയായിരുന്നു കേന്ദ്രമന്ത്രി. വരും വർഷങ്ങളിൽ തൊഴിലില്ലായ്മ നിരക്ക് 3 ശതമാനത്തിൽ താഴെയായി കുറയുമെന്നും മന്ത്രി പ്രത്യാശ പ്രകടിപ്പിച്ചു. അഞ്ച് വർഷത്തിനുള്ളിൽ നാല് കോടിയിലധികം യുവാക്കൾക്ക് തൊഴിലവസരങ്ങൾ നൽകുന്നതിന് രണ്ട് ലക്ഷം കോടി രൂപ അനുവദിച്ചിട്ടുണ്ടെന്നും മാണ്ഡവ്യ പറഞ്ഞു.

✪✪✪

ആഗോള സാമ്പത്തിക രംഗത്തെ വളർച്ച ഉറപ്പാക്കുകയും അതിനെ പ്രശ്നരഹിതമാക്കുകയും ചെയ്യുന്നതാണ് ലോകം നേരിടുന്ന പ്രധാന വെല്ലുവിളിയെന്ന് വിദേശ കാര്യ മന്ത്രി ഡോ.S ജയശങ്കർ അഭിപ്രായപ്പെട്ടു. ടോക്കിയോയിൽ ക്വാഡ് വിദേശകാര്യ മന്ത്രിമാരുടെ യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

ലോകം വീണ്ടും ആഗോളവൽക്കരണത്തിന്റെ നടുവിലാണെന്നും, മനുഷ്യ നിർമിതമോ പ്രകൃതിദത്തമോ ആയ തടസ്സങ്ങൾക്കെതിരെ അന്താരാഷ്ട്ര സംവിധാനത്തെ സംരക്ഷിക്കാൻ കൂട്ടായ പരിശ്രമങ്ങൾക്കേ കഴിയൂ എന്നും അദ്ദേഹം പറഞ്ഞു. രാവിലെ ആരംഭിച്ച യോഗത്തിൽ ജപ്പാൻ, അമേരിക്ക, ഓസ്ട്രേലിയ എന്നിവിടങ്ങളിലെ വിദേശകാര്യ മന്ത്രിമാരും പങ്കെടുക്കുന്നുണ്ട്.

✪✪✪

ന്യൂനപക്ഷങ്ങളുടെ സമഗ്രവികസനം ലക്ഷ്യമിട്ടാണ് കേന്ദ്ര ഗവൺമെൻറ് പ്രവർത്തിക്കുന്നതെന്ന് കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ പറഞ്ഞു. പ്രധാനമന്ത്രിയുടെ സബ്കാ സാത്ത്, സബ്കാ വികാസ്, സബ്കാ വിശ്വാസ്, സബ്കാ പ്രയാസ് എന്നീ കാഴ്ചപ്പാടുകളുമായാണ് ഗവൺ മെൻറ് മുന്നോട്ട് പോകുന്നതെന്നും അദ്ദേഹം പറഞ്ഞു. ഡൽഹിയിൽ ലോക് സംവർദ്ധൻ പർവിന്റെ സമാപന സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ചടങ്ങിൽ പങ്കെടുത്ത കരകൗശല തൊഴിലാളികൾക്ക് ജോർജ് കുര്യൻ പ്രശംസാപത്രം വിതരണം ചെയ്തു.

✪✪✪

ഈ വർഷത്തെ CUET- UG പ്രവേശന പരീക്ഷാ ഫലം നാഷണൽ ടെസ്റ്റിംഗ് ഏജൻസി പ്രഖ്യാപിച്ചു. രജിസ്റ്റർ ചെയ്ത 14 ലക്ഷത്തി 99 ആയിരത്തിലധികം ഉദ്യോഗാർത്ഥികൾ പരീക്ഷയിൽ പങ്കെടുക്കും. കൂടുതൽ വിവരങ്ങൾക്ക് ഉദ്യോഗാർത്ഥികൾ അതത് സർവകലാശാലകളുമായും സ്ഥാപനങ്ങളുമായും ബന്ധപ്പെടണമെന്ന് NTA നിർദ്ദേശിച്ചു.

✪✪✪

സുപ്രീം കോടതിയുടെ പ്രത്യേക ലോക് അദാലത്ത് വാരം ആരംഭിച്ചു. സുപ്രീം കോടതിയുടെ 75-ാം വാർഷികത്തിന്റെ ഭാഗമായാണ് അടുത്ത മാസം മൂന്ന് വരെ ലോക് അദാലത്ത് വാരം ആചരിക്കുന്നത്.

**ലോക് അദാലത്തുകൾ അല്ലെങ്കിൽ ജനകീയ കോടതികൾ എല്ലാവർക്കും പ്രാപ്യമാകുമെന്നും എളുപ്പത്തിലും ചെലവു കുറഞ്ഞതുമായ നീതി ലഭ്യമാക്കുമെന്നും സുപ്രീം കോടതി ജഡ്ജി ജസ്റ്റിസ് ഹൃഷികേശ് റോയ്, ആകാശവാണി ന്യൂസിന് അനുവദിച്ച പ്രത്യേക അഭിമുഖത്തിൽ പറഞ്ഞു. ലോക് അദാലത്തുകൾ പാസാക്കുന്ന വിധികൾ അന്തിമമാണെന്നും മേൽക്കോടതികളിൽ അപ്പീൽ നൽകാനോ ചോദ്യം ചെയ്യാൻ കഴിയില്ലെന്നും അദ്ദേഹം വ്യക്തമാക്കി.**

✪✪✪

**ഷിരൂരിൽ നാവിക സേനയുടെ തിരച്ചിൽ പുഴയിലെ കനത്ത ഒഴുക്കിനെ തുടർന്ന് തത്ക്കാലം നിർത്തിവെച്ചു. ഡിങ്കി ബോട്ടുമായി എത്തിയ സംഘം മടങ്ങി.**

**ഡ്രഡ്ജിംഗ് യന്ത്രം പ്രവർത്തിപ്പിക്കുന്നതിന്റെ സാധ്യത പരിശോധിക്കാൻ തൃശ്ശൂരിലെ കൃഷി വകുപ്പ് ഉദ്യോഗസ്ഥരും യന്ത്രത്തിന്റെ ഓപ്പറേറ്ററും അടങ്ങിയ സംഘം ഷിരൂരിലേക്ക് യാത്ര തിരിച്ചു. തെരച്ചിൽ അവസാനിപ്പിക്കാൻ കർണാടക ഗവൺമെന്റിന് ഉദ്ദേശ്യമില്ലെന്ന് കാർവാർ MLA സതീഷ് കൃഷ്ണ സെയിൽ അറിയിച്ചിരുന്നു. കാലാവസ്ഥ അനുകൂലമാണെങ്കിൽ തെരച്ചിൽ തുടരുമെന്ന് അദ്ദേഹം പറഞ്ഞു.**

✪✪✪

**സംസ്ഥാനത്ത് അതിശക്തമായ മഴ തുടരുന്നു. മഴ സാധ്യത കണക്കിലെടുത്ത് തിരുവനന്തപുരം, പാലക്കാട് ഒഴികെ ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാവകുപ്പ് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. ബുധനാഴ്ച വരെ ചിലയിടങ്ങളിൽ ശക്തമായ മഴയ്ക്കും, ഇന്നും, നാളെയും മണിക്കൂറിൽ 50 കിലോമീറ്റർ വരെ വേഗത്തിൽ കാറ്റിനും സാധ്യതയുണ്ടെന്നാണ് മുന്നറിയിപ്പ്.**

**വയനാട് മുണ്ടക്കൈയിൽ മണ്ണിടിച്ചിലുണ്ടായി. കോഴിക്കോട് കോടഞ്ചേരിയിൽ ചെമ്പുകടവ് പാലത്തിൽ വെള്ളം കയറി ഗതാഗതം തടസ്സപ്പെട്ടു. ആനക്കാംപൊയിൽ ഇരവഞ്ഞി പുഴയിൽ മലവെള്ളപ്പാച്ചിലുണ്ടായി. നിലമ്പൂരിൽ കാട്ടാന ഒഴുക്കിൽപ്പെട്ടു.**

**കേരള - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് 55 കിലോമീറ്റർ വരെ വേഗത്തിൽ കാറ്റിന് സാധ്യതയുണ്ടെന്നും മീൻ പിടുത്തക്കാർ കടലിൽ പോകരുതെന്നും കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകിയിട്ടുണ്ട്.**

✪✪✪

കനത്ത മഴയെ തുടർന്ന് ഇടുക്കി അണക്കെട്ടിലെ ജലനിരപ്പ് ഉയർന്നു. നിലവിൽ 2,358.26 അടിക്ക് മുകളിലാണ് ഇടുക്കിയിലെ ജലനിരപ്പ്. കഴിഞ്ഞ വർഷത്തേക്കാൾ 27 അടിയിലധികം വെള്ളം ഇപ്പോൾ ജലസംഭരണിയിലുണ്ട്.

✪✪✪

വൃഷ്ടിപ്രദേശത്ത് മഴ തുടരുന്നതിനാൽ തൃശ്ശൂർ പത്താഴകുണ്ട് ഡാം തുറന്നു. നിലവിൽ 13 മീറ്ററാണ് ജലനിരപ്പ് . പരമാവധി ജലനിരപ്പ് 14 മീറ്ററാണ്. തീരവാസികൾ ജാഗ്രത പാലിക്കണമെന്ന് അധികൃതർ അറിയിച്ചു.

✪✪✪

തിരുവനന്തപുരം പേപ്പാറ, അരുവിക്കര ഡാമുകളുടെ ഷട്ടർ കൂടുതൽ ഉയർത്തി. തീരങ്ങളിൽ താമസിക്കുന്നവർ ജാഗ്രത പുലർത്തണമെന്ന് നിർദ്ദേശമുണ്ട്.

✪✪✪

വയനാട് ബാണാസുര സാഗർ അണക്കെട്ടിൽ ജലനിരപ്പ് പരമാവധിയോട് അടുക്കുന്നു. 15 സെന്റീമീറ്റർ കൂടി വെള്ളം ഉയർന്നാൽ റെഡ് അലർട്ട് നൽകും.

✪✪✪

സംസ്ഥാനത്ത് ശക്തമായ കാലവർഷത്തിൽ തകർന്ന വൈദ്യുതി ലൈനുകൾ അതിവേഗം പുനഃസ്ഥാപിക്കുമെന്നും ജീവനക്കാർ രാപകൽ ഇല്ലാതെ വൈദ്യുതി തടസം ഉണ്ടാവാതിരിക്കാൻ ശ്രമത്തിലാണെന്നും മന്ത്രി K. കൃഷ്ണൻകുട്ടി പറഞ്ഞു. തൃശൂർ തുമ്പൂരിൽ 33 കെ.വി സബ്സ്റ്റേഷന്റെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി.

ജില്ലയിൽ വൈദ്യുതി വിതരണ പ്രസരണ മേഖലയിൽ നിരവധി വികസന പ്രവർത്തനങ്ങൾ ഗവൺമെന്റ് നടപ്പാക്കിയതായും മന്ത്രി പറഞ്ഞു.

✪✪✪

സംസ്ഥാനത്തെ 49 തദ്ദേശവാർഡുകളിൽ നാളെ ഉപതിരഞ്ഞെടുപ്പ് നടത്തും. എല്ലാ ഒരുക്കങ്ങളും പൂർത്തിയായതായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ A.ഷാജഹാൻ അറിയിച്ചു.

വയനാട് ഒഴികെ 13 ജില്ലകളിൽ, ഒരു ജില്ലാ പഞ്ചായത്ത്, നാല് ബ്ലോക്ക് പഞ്ചായത്ത്, ആറ് മുനിസിപ്പാലിറ്റി, 38 ഗ്രാമപഞ്ചായത്ത് വാർഡുകളിലാണ് ഉപതിരഞ്ഞെടുപ്പ്. 169 സ്ഥാനാർഥികൾ മത്സരരംഗത്തുണ്ട്. വോട്ടെടുപ്പിന് 211 പോളിംഗ് ബൂത്തുകൾ സജ്ജമാക്കി. രാവിലെ ഏഴ് മുതൽ വൈകിട്ട് ആറ് വരെയാണ് വോട്ടെടുപ്പ്.

വോട്ടർമാരുടെ ഇടത് കൈയിലെ ചൂണ്ടുവിരലിന് പകരം നടുവിരലിലാണ് ഇപ്രാവശ്യം മഷി പുരട്ടുന്നത്.

✪✪✪

പാരീസ് ഒളിംപിക്സിൽ ഇന്നത്തെ ബാഡ്മിന്റനിൽ പുരുഷ ഡബ്ബിൾസ് രണ്ടാം റൗണ്ട് ഗ്രൂപ്പ് സി മത്സരം റദ്ദാക്കി. എതിരാളികളായ ജർമ്മൻ സഖ്യത്തിലെ മാർക്ക് ലാംസ്ഫസിന് കാൽമുട്ടിന് പരിക്കേറ്റതിനെ തുടർന്നാണ് മത്സരം റദ്ദാക്കിയത്. വനിതാ ഡബ്ബിൾസ് ഗ്രൂപ്പ് സ്റ്റേജിൽ തനിഷ ക്രസ്റ്റോ - അശ്വനി പൊന്നപ്പ സഖ്യം ഇന്ന് കളത്തിലിറങ്ങും. പുരുഷ സിംഗിൾസ് ഗ്രൂപ്പ് സ്റ്റേജിൽ ലക്ഷ്യ സെന്നും ഇന്ന് മത്സരിക്കും.

ഇന്ത്യയ്ക്ക് മെഡൽ പ്രതീക്ഷയുമായി ഷൂട്ടിങ്ങിൽ 10 മീറ്റർ എയർ റൈഫിൾ പുരുഷ ഫൈനലിൽ അർജുൻ ബാബുതയും, വനിതാ ഫൈനലിൽ രമിതാ ജിൻഡാലും ഇന്ന് ഇറങ്ങും.

10 മീറ്റർ എയർ പിസ്റ്റൾ മിക്സഡ് ടീം യോഗ്യത റൗണ്ടിൽ സരബ്ജോത്-മനു ഭാക്കർ, അർജുൻ സിംഗ് ചീമ - ഋതം സംഗ്വാൻ എന്നിവരും ട്രാപ് പുരുഷ യോഗ്യത മത്സരത്തിൽ പൃഥ്വിരാജ് ടോൻഡൈമനും പോരാടും.

ടേബിൾ ടെന്നിസിൽ വനിതാ സിംഗിൾസ് റൗണ്ടിൽ ശ്രീജ അകുലയും ഇന്ന് കളത്തിലിറങ്ങും.

അമ്പെയ്ത്തിൽ പുരുഷ റിക്കർവ് ടീം ക്വാർട്ടർ ഫൈനൽ, സെമി ഫൈനൽ, സ്വർണ-വെങ്കല മെഡൽ മത്സരങ്ങളും ഇന്നാണ്.

നിലവിൽ ഒരു വെങ്കല മെഡൽ നേട്ടത്തോടെ 22-ാം സ്ഥാനത്താണ് ഇന്ത്യ. നാല് സ്വർണവും, രണ്ടു വെള്ളിയും ഒരു വെങ്കലവുമായി ജപ്പാനാണ് ഒന്നാം സ്ഥാനത്ത്.

✪✪✪

ആലപ്പുഴയിൽ 70-ാമത് നെഹ്റു ട്രോഫി വള്ളംകളിക്കു മുന്നോടിയായി ക്യാപ്റ്റൻസ് ക്ലിനിക്ക് ജില്ലാ കളക്ടർ അലക്സ് വർഗീസ് ഉദ്ഘാടനം ചെയ്തു.j ജലോത്സവത്തിൽ മത്സരിക്കുന്ന ചുണ്ടൻ വള്ളങ്ങളുടെ

ട്രാക്കും ഹീറ്റ്സും നിശ്ചയിക്കുന്നതിന് നറുക്കെടുപ്പ് ഉച്ചകഴിഞ്ഞ് മൂന്നിന് YMCA ഹാളിൽ നടക്കും.

✪✪✪

അമീബിക് മസ്തിഷ്ക ജ്വരത്തിനുപയോഗിക്കുന്ന വിദേശമരുന്ന് ഇന്ന് തിരുവനന്തപുരത്ത് എത്തിക്കും. ഗവൺമെന്റിന്റെ അഭ്യർത്ഥനപ്രകാരം ജർമ്മനിയിൽ നിന്നാണ് മരുന്ന് കൊണ്ടുവരുന്നത്.

✪✪✪

കേരള സർവ്വകലാശാലയിൽ സിൻഡിക്കേറ്റ് തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് സംഘർഷം. വൈസ് ചാൻസലറെ ഇടതു സംഘടനകൾ ഉപരോധിച്ചു. സിൻഡിക്കേറ്റ് തിരഞ്ഞെടുപ്പ് ഫല പ്രഖ്യാപനം ഇന്ന് നടത്താൻ കഴിയില്ലെന്ന് V.C അറിയിച്ചതിനെ തുടർന്നാണ് ഇടത് സംഘടകൾ പ്രതിഷേധവുമായി എത്തിയത്. V.K പ്രശാന്ത് MLA ഉൾപ്പെടെ പ്രതിഷേധവുമായി രംഗത്തുണ്ട്.

✪✪✪

ആലപ്പുഴയിൽ വാഹനാപകടത്തിൽ രണ്ടു യുവാക്കൾ മരിച്ചു. ആരാട് ബ്ലോക്ക് പഞ്ചായത്ത് സ്ഥിരം സമിതി അധ്യക്ഷനും DYFI മാരാരിക്കുളം ഏരിയ സെക്രട്ടറിയുമായ രജീഷ്, DYFI പ്രവർത്തകനും കയർ ഫെഡ് ജീവനക്കാരനുമായ അനന്തു എന്നിവരാണ് മരിച്ചത്.

ഇന്നലെ രാത്രി 9 മണിയോടെ വളവനാട് പ്രീതികുളങ്ങരയിൽ ഇവർ സഞ്ചരിച്ച കാർ കലിങ്കിൽ ഇടിച്ചു കയറിയാണ് അപകടം. പരിക്കേറ്റ രണ്ടുപേരെ വണ്ടാനം മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

✪✪✪

കവിയും സംഗീത സംവിധായകനും, ആകാശവാണി കലാകാരനുമായിരുന്ന വേണു രാമനാട്ടുകര നിര്യാതനായി. 62 വയസ്സായിരുന്നു. നാടക - സംഗീത രചയിതാവുമായിരുന്നു അദ്ദേഹം. മൃതദേഹം കോഴിക്കോട് മാനാരി ശ്മശാനത്തിൽ സംസ്കരിച്ചു.

✪✪✪

തമിഴ്നാട് കൃഷ്ണഗിരിയിൽ കവർച്ചാ സംഘത്തിന്റെ കുത്തേറ്റ് മലയാളി ലോറി ഡ്രൈവർ മരിച്ചു. നെടുമ്പാശ്ശേരി സ്വദേശി ഏലിയാസാണ് മരിച്ചത്. കവർച്ചാസംഘത്തിന് പണം

നല്കാതിരുന്നതിനെ തുടർന്ന് പുലർച്ചയോടെയായിരുന്നു ആക്രമണമെന്ന് റിപ്പോർട്ടുകൾ പറയുന്നു.

✪✪✪

സ്വർണ വില വർധിച്ചു. ഇന്ന് ഗ്രാമിന് 15 രൂപ കൂടി 6,340 രൂപയായി -50,720 രൂപയാണ് പവന് വില.

✪✪✪

കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയത്തിന് കീഴിലെ കണ്ണൂർ സെൻട്രൽ ബ്യൂറോ ഓഫ് കമ്മ്യൂണിക്കേഷന്റെ നേതൃത്വത്തിൽ സംയോജിത ബോധവൽക്കരണ പരിപാടിക്ക് തുടക്കമായി. കതിരൂർ സർവീസ് സഹകരണ ബാങ്ക് ഓഡിറ്റോറിയത്തിലാണ് രണ്ടു ദിവസത്തെ പരിപാടി സംഘടിപ്പിച്ചിരിക്കുന്നത്. വിവിധ മത്സരങ്ങൾ.

✪✪✪

ഹെപ്പറ്റൈറ്റിസ് വൈറസുകളുടെ വ്യാപനം തടയാൻ അടിയന്തര നടപടി വേണമെന്ന് കേരള ബ്ലഡ് പേഷ്യന്റ്സ് പ്രൊട്ടക്ഷൻ കൗൺസിൽ സംസ്ഥാന പ്രസിഡന്റ് കരീം കാരശ്ശേരി ആവശ്യപ്പെട്ടു. കൗൺസിൽ മെഡിക്കൽ കോളേജിൽ സംഘടിപ്പിച്ച ലോക ഹെപ്പറ്റൈറ്റിസ് ദിനറാലി ഉൽഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. വൈറസ് വ്യാപനം വളരെ ആശങ്കപ്പെടുത്തുന്നതാണെന്നും അദ്ദേഹം പറഞ്ഞു.

✪✪✪